# അറിവൊളി

ഡിജിറ്റൽ മാഗസിൻ 2023-24

ഗവ.എച്ച്.എസ് അയിലം

# ഉള്ളടക്കം


1.വിദ്യാലയ വിവരങ്ങൾ........................................................1-2

2.മികവുകൾ 2023-24........................................................3-12

3.ലിറ്റിൽ കൈറ്റ് യൂണിറ്റ്........................................................13-14

4.സർഗ്ഗ സൃഷ്ടികൾ........................................................15-26

മഴ,നെല്ലിക്ക,പ്രകൃതി തൻ ജീവൻ(കവിത)..................16

സ്വപ്നം പേടിപ്പിച്ച ഉത്സവക്കഥ(കഥ)..............................17

ഓർമ്മകളുടെ സുഗന്ധം(കഥ)..........................................18

നിറവേറുമോ(കഥ)......................................................19

ഉണ്ണിമോളുടെ സ്വപ്നം(കഥ)............................................20

വയറൽ(കഥ).............................................................21

മഴയെത്തും മുമ്പ്(കഥ)..................................................22

കേരളം-ഇന്നലെ-ഇന്ന്-നാളെ(കവിത)........................23

ആസ്വാദനക്കുറിപ്പ്-ആവേ മരിയ.................................24

നിമ്മിയുടെ സ്വപ്നം(കഥ).............................................24

ആസ്വാദനക്കുറിപ്പ്-കുട്ട്യേട്ടത്തി.......................................25

വരകൾ... ......................................................................26

# ഗവൺമെന്റ് ഹൈസ്കൂൾ
## അയിലം



| | |
|---|---|
| **റവന്യൂ ജില്ല** | തിരുവനന്തപുരം |
| **വിദ്യാഭ്യാസ ജില്ല** | ആറ്റിങ്ങൽ |
| **ഉപജില്ല** | ആറ്റിങ്ങൽ |
| **പ്രധാന അധ്യാപകൻ** | ശാന്തകുമാർ ആർ |
| **പി.ടി.എ പ്രസിഡന്റ്** | മുരളി.എൻ |
| **മദർ പി.ടി.എ** | നിഷ |

### ചരിത്രം

കൊല്ലവർഷം 1050 (ഏ.ഡി 1905) ചിങ്ങം 1 ന് കുടിപള്ളിക്കൂടമായാണ് ഈ സ്കൂളിൻറെ ആരംഭം.അയിലം പാറയം വീട്ടിൽ ഗോവിന്ദപിള്ള ആയിരുന്നു ആദ്യത്തെ എഴുത്താശാൻ. 1916 ൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് ഗ്രാൻഡ് സ്കൂളായി അംഗീകാരം നൽകിയതോടെ അന്നത്തെ ഫോർത്ത് ഫോറം (ഇന്നത്തെ നാലാം ക്ലാസ് ) പഠിക്കാൻ അവസരം ഉണ്ടായി.അന്ന് ഈ സ്കൂളിലെ ചുമതല ശ്രീ രാമൻപിള്ളയ്ക്കായിരുന്നു അദ്ദേഹത്തിൻറെ കുടുംബ സ്വത്തിൽ നിന്നും സ്കൂളിന്റെ വികസനത്തിനായി ഭൂമി വെറുതെ നൽകുകയായിരുന്നു. അതിനുശേഷം അപ്പുറത്ത് വീട്ടിൽ കുട്ടൻപിള്ളയ്ക്കായിരുന്നു ചുമതല. കേരള രൂപീകരണത്തിന് ശേഷം ഈ സ്കൂൾ എൽപി സ്കൂൾ ആയി .01.05.1962 ൽ അന്നത്തെ ബി. ഡി.ഒ ആയിരുന്ന ശ്രീ.എം ജോർജ് അവർകൾ സ്കൂളിന് പുതിയ കെട്ടിട ശിലാസ്ഥാപനം നിർവഹിച്ചു തുടർന്ന് 1984 യു.പി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു ശ്രീ.ഇടക്കയോട് കുഞ്ഞൻപിള്ള ശ്രീ.അവനവഞ്ചേരി ഗോവിന്ദപിള്ള ശ്രീ.തോട്ടത്തിൽ കൃഷ്ണൻ തുടങ്ങിയവർ ആദ്യകാല അധ്യാപകരാണ്.ആദ്യ വിദ്യാർത്ഥി മേലാതിൽ വീട്ടിൽ കുഞ്ഞൻ ആയിരുന്നു.

2001 ലെ ഈ എസ് പദ്ധതി പ്രകാരം ബ്ലോക്കിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് ആദ്യത്തെ കോൺക്രീറ്റ് കെട്ടിടത്തിന് അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വക്കേറ്റ് സി എസ് ലെനിൻ ശിലാസ്ഥാപനവും 14.6.2002 അന്നത്തെ ഗ്രാമ വികസന വകുപ്പ് മന്ത്രി ശ്രീ സി എഫ് തോമസ് ഉദ്ഘാടനവും നിർവഹിച്ചു തുടർന്ന് 2002-ൽ ബഹു.എം.പി.ശ്രീ വർക്കല രാധാകൃഷ്ണന്റെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടവും 2004-2005 എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും തുടർന്ന് ബഹു.എം.പി ഡോക്ടർ സമ്പത്ത് അവർകളുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് 2019 പുതിയ കെട്ടിടവും നിർമ്മിച്ചു തുടർന്ന് 2017-2018 വർഷത്തിൽ

എസ്.എസ്.എ സംസ്ഥാനതലത്തിൽ മികച്ച മാതൃക വിദ്യാലയമായി പ്രഖ്യാപിക്കുകയുംസ്കൂൾ മികവുകളെ സംസ്ഥാന മികവുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തു സ്കൂൾ മികവുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി 2009-ൽ അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന മധുസാറിന് മികച്ച അധ്യാപകൻ ഉള്ള സംസ്ഥാന അധ്യാപക അവാർഡ് ഗുരുശ്രേഷ്ഠ പുരസ്കാരവും ലഭിക്കുകയുണ്ടായി.നാട്ടുകാരുടെ ശ്രമഫലമായി 2019-ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി സർക്കാരിനെ സമീപിക്കുകയും 2011-12 അധ്യായന വർഷത്തിൽ ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി ഹയർസെക്കൻഡറി സ്കൂൾ ആയി ഉയർത്തുകയും ചെയ്തു.നിലവിൽ ഹൈസ്കൂൾ വിഭാഗം വരെ പ്രവർത്തിക്കുന്നു. 2020 ഒക്ടോബർ 12ന് ഈ സ്കൂൾ സമ്പൂർണ്ണ ഡിജിറ്റൽ വിദ്യാലയമാക്കി മാറ്റി.

## സൗകര്യങ്ങൾ

ഭൂമിയുടെ വിസ്തീർണ്ണം :37 സെന്റ്
സ്കൂൾ കെട്ടിടങ്ങളുടെ എണ്ണം : 2
ആകെ ക്ലാസ്സ്മുറികളുടെ എണ്ണം : 13
ലൈബ്രറി ഹാൾ : 1
സയൻസ് ലാബ് : 1
കമ്പ്യൂട്ടർ ലാബ് : 1
സ്മാർട്ട് ക്ലാസ് റൂം : 6

- ഈ സ്കൂൾ രണ്ട് നിലകളുള്ള കോൺക്രീറ്റ് കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു.
- ആകെ 26 ക്ലാസ് മുറികൾ ഉണ്ട്.
- ഈ സ്കൂളിൽ പ്രീപ്രൈമറി മുതൽ പത്ത് ക്ലാസ് വരെയാണ് ഉള്ളത്
- ഈ സ്കൂളിൽ എൽ.പി,യു.പി വിഭാഗങ്ങളിൽ മലയാളം മീഡിയത്തിലും ഇംഗ്ലീഷ് മീഡിയത്തിലും ക്ലാസുകൾ നടത്തുന്നുണ്ട്.നിലവിൽ ഹൈസ്കൂളിൽ മലയാളം മീഡിയം മാത്രമേ ഉള്ളൂ.



- ഒരു സയൻസ് പാർക്ക് ഈ സ്കൂളിൽ ഉണ്ട്.
- ഒരു ഐ.ടി ലാബ്,ഒരു സയൻസ് ലാബ് എന്നിവയും ഈ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.
- 2344 പുസ്തകങ്ങളുടെ ശേഖരമുള്ള ഒരു ലൈബ്രറിയും ഈ സ്കൂളിൽ ഉണ്ട്.
- ആകെ 5 ടോയിലറ്റ് ബ്ലോക്കുകൾ ഉണ്ട്(ആൺ കുട്ടികൾക്ക് 2-ഉം പെൺകുട്ടികൾക്ക് 3-ഉം).
- കുട്ടികൾക്ക് സ്കൂളിൽ വരുന്നതിന് വാഹനം സൗകര്യം ലഭ്യമാണ്.(ഒരു മിനി ബസ് സ്കൂൾ വാഹനമായി ഉണ്ട്).

•ലിറ്റിൽ കൈറ്റ്,സ്കൗട്ട് &ഗൈഡ്, ജൂനിയർ റെഡ് ക്രോസ് എന്നിവയുടെ യൂണിറ്റുകൾ സ്കൂളിൽ ഉണ്ട്.

•ശാസ്ത്രക്ലബ്, സോഷ്യൽസയൻസ് ക്ലബ്,ഗണിതക്ലബ്, പരിസ്ഥിതി ക്ലബ്,ഫിലിം ക്ലബ് തുടങ്ങി വിവിധ ക്ലബുകളുടെ പ്രവർത്തനം സ്കൂളിൽ നടക്കുന്നുണ്ട്.



## അംഗീകാരങ്ങൾ

2007 – 2008 വർഷത്തിൽ എസ്.എസ്.എ സംസ്ഥാനതല ത്തിൽ മികച്ച മാതൃകാ വിദ്യാലയമായി പ്രഖ്യാപിക്കപ്പെട്ടു.

- 2009 – ൽ അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന മധു സാറിന് മികച്ച അധ്യാപകനുള്ള സംസ്ഥാന അധ്യാപക അവാർഡും ഗുരുശ്രേഷ്ഠ പുരസ്കാരവും ലഭിച്ചിട്ടുള്ളതുമാണ്.

•സ്കൂൾ ഹൈസ്കൂളായി ഉയർത്തിയ കാലം മുതൽ നാളിതുവരെ നടന്നിട്ടുള്ള എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം നേടാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.
•2009-10 വർഷത്തിൽ ഹരിത വിദ്യാലയം അവാർഡ് ലഭിച്ചു.
•2010-11 വർഷത്തിൽ നാഷണൽ ഗ്രീൻ കോർപ്സ് അവാർഡ് ലഭിച്ചു.
•2015 -16 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം നേടിയ ഏകവിദ്യാലയം.
•2015-16ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം നേടിയ വിദ്യാലയത്തിനുള്ള വിദ്യാഭ്യാസ അവാർഡും ക്യാഷ് അവാർഡും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചു.
•ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മാതൃകാപരമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഹൈസ്കൂൾ വിഭാഗത്തിൽ, 2016-17 ലെ മികച്ച ഹെഡ്മാസ്റ്റർക്കുള്ള 'അട്ടപ്പം പദ്ധതി'അവാർഡ് ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയിൽ നിന്നും അനിൽ സാറിനു ലഭിക്കുകയുണ്ടായി.
•2016-17 ലെ, ഹൈസ്കൂൾ വിഭാഗത്തിൽ മികച്ച പൊതുവിദ്യാലയത്തിനുള്ള സ.കെ.എസ്.അനിൽ കുമാർ മെമ്മോറിയൽ എവർറോളിങ് ട്രോഫി (കെ.എസ്.റ്റി.എ. ആറ്റിങ്ങൽ) ലഭിച്ചു.

# മികവുകൾ

# 2023-24

## പഠനോത്സവം 2023

ആറ്റിങ്ങൽ ബി.ആർ.സി -ൽ നിന്നുള്ള നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളിലെ മുഴവൻ കുട്ടികളേയും ഉൾപ്പെടുത്തികൊണ്ട് 2023 മേയ് 7-ന്-"പഠനോത്സവം "എന്ന പേരിൽ അയിലം ജംഗ്ഷനിലും താഴെ ഇളമ്പയിലും കലാപരിപാടികൾ സംഘടിപ്പിച്ചു.സ്കൂൾ അധ്യാപകരുടേയും പി.ടി.എ അംഗങ്ങളുടേയും എസ്.എം.സി അംഗങ്ങളുടേയും നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.





## പ്രവേശനോത്സവം

2023-24 അധ്യായനവർഷത്തെ പ്രവേശനോത്സവം ജൂൺ 1-ന് പൂർവ്വാധികം ഭംഗിയായി വിവിധ പരിപാടികളോടു കൂടി നടത്തി.അധ്യാപകരുടേയും,പി.ടി.എ അംഗങ്ങളുടേയും എസ്.എം.സി അംഗങ്ങളുടേയും നേതൃത്വത്തിൽ നടന്ന പ്രവേശനോത്സവത്തിൽ നാട്ടുകാരുടെ സാന്നിധ്യം ഉണ്ടായിരുന്നു.ചെണ്ടമേളത്തോടു കൂടിയ ഘോഷയാത്ര നടത്തിയിൽ എല്ലാ വിദ്യാർത്ഥികളും പങ്കെടുത്തു.പ്രീപ്രൈമറി കുട്ടികൾക്കും ഒന്നാം ക്ലാസിലെ കുട്ടികൾക്കും പ്രവേശനോത്സവത്തിന്റെ ഭാഗമായി സമ്മാനങ്ങൾ വിതരണം ചെയ്തു.







## പരിസ്ഥിതി ദിനാഘോഷം

2023-ലെ പരിസ്ഥിതി ദിനാഘോഷം സ്കൂളിലെ പരിസ്ഥിതി ക്ലബിന്റെ ആഭിമുഖ്യത്തിൽ പൂർവാധികം ഭംഗിയായി സംഘടിപ്പിച്ചു.പരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ട് പ്രത്യേകം അസംബ്ളി കൂടുകയും അസംബ്ളിയിൽ പരിസ്ഥിതി ദിനാഘോഷ സന്ദേശം വായിക്കുകയും കുട്ടികൾ തയ്യാറാക്കിയ പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്തു.പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി കുട്ടികൾക്ക്,പ്രധാന അധ്യാപകൻ, പി.ടി.എ പ്രസിഡന്റ് എന്നിവർ വൃക്ഷത്തൈകൾ വിതരണം ചെയ്തു.




## വായനാദിനം-ജൂൺ 19

ഇരുപത്തിയെട്ടാമത് വായനാദിനത്തോട് അനുബന്ധിച്ച് പ്രത്യേക അസംബ്ളി സംഘടിപ്പിച്ചു .വായനാദിന പരിപാടികളുടെ ഉദ്ഘാടനം പ്രശസ്ത കവി ശ്രീ.രാധാകൃഷ്ണൻ കുന്നംപുറം നിർവഹിച്ചു.കുട്ടികൾ തയ്യാറാക്കിയ 'വായനാനുഭവം" എന്ന പതിപ്പ് അസംബ്ളിയിൽ ശ്രീ.രാധാകൃഷ്ണൻ കുന്നംപുറം പ്രകാശനം ചെയ്തു.പി.ടി.എ,എസ്.എം.സി അംഗങ്ങൾ പങ്കെടുത്തു.വായനാദിനത്തോട് അനുബന്ധിച്ച് ക്വിസ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു.




## ലഹരിവിരുദ്ധദിനം

സ്കൂളിലെ ലഹരി വിരുദ്ധക്ലബിന്റെ ആഭിമുഖ്യത്തിൽ ജൂൺ 26 ലഹരിവിരുദ്ധദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു.അന്നേ ദിവസം ലഹരിവിരുദ്ധ ക്യാമ്പെയിൻ സംഘടിപ്പിച്ചു.സ്കൂളിന്റെ പരിസരത്തെ കടകളിലും വീടുകളിലും ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ലഘുലേഖകൾ വിതരണം ചെയ്തു.ജൂൺ 26-ന് പ്രത്യേക അസംബ്ളി സംഘടിപ്പിച്ചു.കുട്ടികളുടേയും അധ്യാപകരുടേയും ഒപ്പുശേഖരണം നടത്തുകയും ലഹരിവിരുദ്ധ സന്ദേശം വായിക്കുകയും ചെയ്തു.കുട്ടികൾ തയ്യാറാക്കിയ ലഹരിവിരുദ്ധ പോസ്റ്റുകൾ അസംബ്ളിയിൽ പ്രദർശിപ്പിച്ചു.





## ചാന്ദ്രദിനം-ജൂലൈ 21

സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 21-ന് ചാന്ദ്രദിനം സ്കൂളിൽ ആഘോഷിച്ചു.ഈ ദിവസം പ്രത്യേക അസംബ്ളി കൂടുകയും കുട്ടികൾ തയ്യാറാക്കിയ പതിപ്പുകളുടെ പ്രകാശനവും എക്സിബിഷനും നടത്തുകയും ചെയ്തു.എൽ.പി,യു.പി,ഹൈസ്കൂൾ തലങ്ങളിൽ ക്വിസ് മത്സരവും സംഘടിപ്പിച്ചു.





## പ്രീപ്രൈമറി കലോത്സവം-ജൂലൈ 25

സ്കൂളിലെ പ്രീപ്രൈമറി സെക്ഷൻ ജൂലൈ 25-ന് കലോത്സവം സംഘടിപ്പിച്ചു.അങ്കൻവാടി മുൻ അധ്യാപികയായ ശ്രീമതി.പ്രസന്ന ടീച്ചർ കലോത്സവം ഉദ്ഘാടനം ചെയ്തു.പി.ടി.എ,എസ്.എം.സി അംഗങ്ങൾ പങ്കെടുത്തു.ശ്രീമതി.പ്രസന്ന ടീച്ചറെ പ്രധാനഅധ്യാപൻ പൊന്നാട അണിയിച്ചു.കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു.





## പ്രീപ്രൈമറി കളേഴ്സ് ഡേ-ജൂലൈ 1

സ്കൂളിലെ പ്രീപ്രൈമറി സെക്ഷൻ കുഞ്ഞി കൂട്ടുകാർക്ക് വേണ്ടി കളേഴ്സ് ഡേ ആചാരിച്ചു.കുട്ടികളുടെ രക്ഷിതാക്കൾ തയ്യാറാക്കിയ വിവിധ തരം പലഹാരങ്ങൾ കുട്ടികൾക്ക് നൽകി.കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു.അധ്യാപകരും കുട്ടികളും മഞ്ഞ നിറത്തിലുള്ള ധരിച്ചാണ് അന്നേ ദിവസം സ്കൂളിൽ എത്തിച്ചേർന്നത്.





## സ്സിമഎസോ (SCIMASO)EXPO-2023-ആഗസ്റ്റ് 9

സയൻസ്,ഗണിത,സാമൂഹ്യശാസ്ത്ര ക്ലബുകളുടെ നേതൃത്വത്തിൽ "സ്സിമഎസോ (SCIMASO)EXPO-2023"എന്ന പേരിൽ ശാസ്ത്രഗണിതസാമൂഹ്യശാസ്ത്ര എക്സിബിഷൻ സംഘടിപ്പിച്ചു.ആറ്റിങ്ങൽ ബി.ആർ.സി കോഡിനേറ്റർ ശ്രീ.അഭിലാഷ് എക്സിബിഷൻ ഉത്ഘാടനം ചെയ്തു.ബി.ആർ.സിയിലെ ശ്രീ.ബിനു,മുൻ പ്രധാന അധ്യാപകനായ ശ്രീ.അനിൽ,പി.ടി.എ,എസ്.എം.സി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.സ്കൂൾ സയൻസ് പാർക്ക്,ലാബ് എന്നിവയിൽ ലഭ്യമായ ശാസ്ത്രോപകരണങ്ങൾ എക്സിബിഷനിൽ പ്രദർശിപ്പിച്ചു.എല്ലാ കുട്ടികളുടേയും പങ്കാളിത്തം എക്സിബിഷനിൽ ഉണ്ടായിരുന്നു.





## ഹിരോഷിമ-നാഗസാക്കി ദിനാചാരണം-ആഗസ്റ്റ് 9

സോഷ്യൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 9-ന് ഹിരോഷിമ നാഗസാക്കി ദിനാചരണം സംഘടിപ്പിച്ചു.സഡോക്ക് കൊക്ക് നിർമ്മാണം,യുദ്ധവിരുദ്ധറാലി,പ്രത്യേക അസംബ്ളി എന്നിവ സംഘടിപ്പിച്ചു.




## സ്വാതന്ത്യദിനാഘോഷം-ആഗസ്റ്റ് 15

ഇക്കൊല്ലത്തെ സ്വതന്ത്യദിനം,സ്വതന്ത്യദിനം ക്വിസ്,ഉപന്യാസ രചന,ഘോഷയാത്ര,ദേശഭക്തി ഗാനാലാപന മത്സരം എന്നീ പരിപാടികളോടെ ആഘോഷിച്ചു.സ്കൂളിലെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി.ഉച്ചയ്ക്ക് പായസ വിതരണം നടത്തി.പ്രധാന അധ്യാപകൻ പതാക ഉയർത്തിയ പരിപാടിയിൽ വാർഡ് മെമ്പർ,പി.ടി.എ,എസ്.എം.സി അംഗങ്ങളും അധ്യാപകരും രക്ഷിതാക്കളും പങ്കെടുത്തു.




## കർഷകദിനം

സ്കൂളിലെ കാർഷിക ക്ലബിന്റെ ആഭിമുഖ്യത്തിൽ ചിങ്ങം 1 (കർഷകദിനം)വിപുലമായ പരിപാടികളോടെ ആഘോഷിച്ചു.ഈ പരിപാടിയിൽ സ്കൂളിലെ കുട്ടി കർഷകരെ ആദരിക്കുകയും പുരസ്കാരങ്ങൾ സമ്മാനിക്കുകയും ചെയ്തു.സ്കൂളിലെ പ്രധാന അധ്യാപകൻ പരിപാടി ഉദ്ഘാടനം ചെയ്തു





## ഓണാഘോഷം-ആഗസ്റ്റ് 25

ഇക്കൊല്ലത്തെ ഓണാഘോഷം പൂർവാധികം ഭംഗിയായി സ്കൂളിൽ സംഘടിപ്പിച്ചു.അത്തപ്പൂക്കള മത്സരം, ഓണക്കളികൾ എന്നിവ ഓണാഘോഷത്തിൽ ഉൾപ്പെടുത്തിയിരുന്നു.സ്കൂൾപി.ടി.എഎ,സ്.എം.സി എന്നിവരുടെ നേതൃത്വത്തിൽ ഓണസദ്യ ഒരുക്കി.മുഴുവൻ കുട്ടികളുടേയും രക്ഷിതാക്കളുടേയും സാന്നിധ്യം ഓണാഘോഷത്തിന്റെ പകിട്ട് കൂട്ടി.





## അധ്യാപകദിനം-സെപ്തംബർ 5

ഇക്കൊല്ലത്തെ അധ്യാപകദിനത്തിൽ സ്കൂളിന് സമീപത്തെ അങ്കൻവാടിയിലെ ടീച്ചർമാരേയും സ്കൂളിലെ പ്രീപ്രൈമറി ടീച്ചർമാരേയും പ്രധാന അധ്യാപകൻ പൊന്നാട അണിയിച്ച് ആദരിച്ചു.പി.ടി.എ,എസ്.എം.സി അംഗങ്ങൾ പങ്കെടുത്തു.ഈ ദിനത്തിൽ സ്കൂൾ കുട്ടികൾ അധ്യാപകരായി ക്ലാസുകൾ നടത്തി.





## സ്കൂൾ കായികോത്സവം-സെപ്റ്റംബർ 15,16

സബ് ജില്ല കായികോത്സവത്തിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നതിനായി സ്കൂൾ സ്പോർട്സ് ക്ലബിന്റെ അഭിമുഖ്യത്തിൽ സ്കൂൾതല കായിക മത്സരങ്ങൾ സംഘടിപ്പിച്ചു.ഓട്ടം,ചാട്ടം,ജാവലിൻ,ഷോട്ട്പുട്ട്,ഡിസ്ക്സ്,റിലേ എന്നിവയിൽ എൽ.പി,യു.പി,ഹൈസ്കൂൾ വിഭാഗങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ചു.സെപ്റ്റംബർ 15-ാം തീയതി എൽ.പി,യു.പി വിഭാഗത്തിലും സെപ്റ്റംബർ 16-ാം തീയതി ഹൈസ്കൂൾ വിഭാഗത്തിലും മത്സരങ്ങൾ സംഘടിപ്പിച്ചു.





## ഗാന്ധിജയന്തി-ഒക്ടോബർ 2

സ്കൂളിൽ ഗാന്ധി ജയന്തി ദിനാഘോഷം സംഘടിപ്പിച്ചു.സ്കൂളിലെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി.ദേശഭക്തി ഗാനാലാപനം,ക്വിസ് എന്നിവ സംഘടിപ്പിച്ചു.ഗാന്ധിജയന്തിയോടനുബന്ധിച്ച് ഒക്ടോബർ 3-ന് സ്കൗട്ട് & ഗൈഡിന്റെ നേതൃത്യത്തിൽ ലോഷൻ,ഹാൻഡ് വാഷ് എന്നിവ നിർമ്മിച്ചു.





## സ്കൂൾതല ശാസ്ത്രമേള-ഒക്ടോബർ 3

സബ്ജില്ല ശാസ്ത്രമേളയ്ക്കായി കുട്ടികളെ തെരഞ്ഞെടുക്കുന്നതിനായി സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിച്ചു.ഐ.ടി,ശാസ്ത്രം,സാമൂഹ്യശാസ്ത്രം,ഗണിതം,പ്രവൃത്തി പരിചയം എന്നിവ വിഭാഗങ്ങളിലായി മത്സരങ്ങൾ സംഘടിപ്പിച്ചു.എല്ലാകുട്ടികളുടേയും പങ്കാളിത്തം ഉണ്ടായിരുന്നു.







## സ്കൂൾതലകലോത്സവം-ഒക്ടോബർ 5,6

കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിനും സബ്ജില്ല കലോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുമായി ആർട്സ് ക്ലബിന്റെ നേതൃത്വത്തിൽ സ്കൂൾതല കലോത്സവം "ധ്വനി"സംഘടിപ്പിച്ചു.എസ്.എം.സി,പി.ടി.എ അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്ന പരിപാടിയിൽ വിജയികളെ അനുമോദിച്ചു.







## കേരളപ്പിറവി-നവംബർ 1

ഇക്കൊല്ലത്തെ കേരളപ്പിറവി ദിനം വിവിധ പരിപാടികളോടെ സ്കൂളിൽ ആഘോഷിച്ചു.ഈ ദിനത്തിൽ പ്രത്യേക അസംബ്ളി സംഘടിപ്പിച്ചു."മലയാളിമങ്ക മത്സരം" സംഘടിപ്പിച്ചു.






## കേരളീയം-പഠനയാത്ര

സംസ്ഥാന സർക്കാർ സംഘടിപ്പിച്ച "കേരളീയം" പരിപാടി കാണുന്നതിനായി സ്കൂളിൽ നവംബർ 4 കുട്ടികളെ കൊണ്ടുപോയി.നിയമസഭാ മന്ദിരം,പ്ലാനറ്റോറിയം,മൃഗശാല,ഹിസ്റ്റോറിക്കൽ മ്യൂസിയം എന്നിവിടങ്ങൾ സന്ദർശിക്കുകയും കേരളാ എനർജി മിഷൻ നടത്തിയ "ഉണർവ്"എന്ന പരിപാടിയിൽ പങ്കെടുത്തു.






## ശിശുദിനം-നവംബർ 14

ഇക്കൊല്ലത്തെ ശിശുദിനം വിവിധ പരിപാടികളോടെ സ്കൂളിൽ ആഘോഷിച്ചു.ഈ ദിനത്തിൽ പ്രത്യേക അസംബ്ളിയും ശിശുദിനറാലിയും സംഘടിപ്പിച്ചു.കുട്ടികൾ ചാച്ചാജിയുടെ വേഷം കെട്ടി റാലിയിൽ പങ്കെടുത്തു.





## കരാട്ടെ പരിശീലനം

ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ ക്ലാസിലെ പെൺകുട്ടികൾക്ക് 12 മണിക്കൂർ കരാട്ടെ പരിശീലനം നൽകി.കരാട്ടെ മാസ്റ്ററായ ശ്രീ.ജയറാം പരിശീലനത്തിന് നേതൃത്വം നൽകി. സമാപനയോഗം പി.ടി.എ പ്രസിഡന്റ് ഉത്ഘാടനം ചെയ്തു. സ്കൂൾ പ്രധാന അധ്യാപകൻ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു.





## സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്

ഇക്കൊല്ലത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് ഡിസംബർ 4-ാം തീയതി നടന്നു. ജനാധിപത്യ തെരഞ്ഞെടുപ്പ് രീതിയിലാണ് ഇലക്ഷൻ നടത്തിയത്.സ്കൂൾ ചെയർമാനായി പത്താം ക്ലാസിലെ അജയ് പ്രതാപും വൈസ് ചെയർപേഴ്സൺ ആയി ഒൻപതാംക്ലാസിലെ ജിയയും തെരഞ്ഞെടുക്കപ്പെട്ടു.





## ക്രിസ്മസ് ആഘോഷം-ഡിസംബർ 22

ഡിസംബർ 22-ന് സ്കൂളിൽ ക്രിസ്മസ് ആഘോഷങ്ങൾ നടത്തി. പുൽക്കൂട് നിർമ്മാണവും കേക്ക് മുറിക്കലും ക്രിസ്മസ് സുഹൃത്തിനെ തെരഞ്ഞെടുക്കൽ എന്നിവ ആഘോഷങ്ങളുടെ ഭാഗമായി ഉണ്ടായിരുന്നു.





## റിപ്പബ്ളിക്ക് ദിനാഘോഷം

ഇക്കൊല്ലത്തെ റിപ്പബ്ളിക് ദിനം, ക്വിസ്, ഉപന്യാസ രചന, ഘോഷയാത്ര, ദേശഭക്തി ഗാനാലാപന മത്സരം എന്നീ പരിപാടികളോടെ ആഘോഷിച്ചു.സ്കൂളിലെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. പ്രധാന അധ്യാപകൻ പതാക ഉയർത്തിയ പരിപാടിയിൽ പി.ടി.എ,എസ്.എം.സി അംഗങ്ങളും അധ്യാപകരും രക്ഷിതാക്കളും പങ്കെടുത്തു.





## സ്കൂൾ വിനോദയാത്ര

ഇക്കൊല്ലത്തെ വിനോദയാത്ര 2024 ഫെബ്രുവരി 3-ന് സംഘടിപ്പിച്ചു. വാഗമണിലേയ്ക്കുള്ള വൺഡേ ടൂർ ആണ് സംഘടിപ്പിച്ചത്.






# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

നിലവിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ 2022-25,2023-26 എന്നീ ബാച്ചുകളാണ് ഉള്ളത്.ഓരോ ബാച്ചിലും 18 വീതം അംഗങ്ങളുണ്ട്.

### ബാച്ച് 2022-25

**പ്രിലിമിനറി ക്യാമ്പ്**



ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ചിന്റെ പ്രിലിമിനറി ക്യാമ്പ് 2022 സെപ്തംബർ 19-ാം തീയതി തോമ്പാംമൂട് ജനത എച്ച്.എസ്സ്.എസ്സ് സ്കൂളിൽ വച്ച് നടന്നു.കൈറ്റ് ആർ.പിമാരായ ശ്രീമതി.രജനി,ഷീജ എന്നിവർ ക്യാമ്പ് നയിച്ചു.തോമ്പാംമൂട് ജനത എച്ച്.എസ്സ്.എസ്സ് സ്കൂളിലെ പ്രധാന അധ്യാപകൻ ക്യാമ്പ് ഉത്ഘാടനം ചെയ്തു.

**സ്കൂൾതല ക്യാമ്പ്**



ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ചിന്റെ സ്കൂൾതല ക്യാമ്പ് 2023സെപ്തംബർ 3-ാം തീയതി സ്കൂളിൽ വച്ച് നടന്നു.കൈറ്റ് ആർ.പിയായ ശ്രീമതി.സ്മിത ക്യാമ്പ് നയിച്ചു.ഓപ്പൺ ടൂൺസ് സോഫ്റ്റ്‌വെയറിലുള്ള അനിമേഷനും സ്ക്രാച്ച് 3 സോഫ്റ്റ്‌വെയറിലുള്ള പ്രോഗ്രാമിങ്ങും ആണ് ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നത്.

### ബാച്ച് 2023-26

**പ്രിലിമിനറി ക്യാമ്പ്**



ലിറ്റിൽ കൈറ്റ്സ് 2023-26 ബാച്ചിന്റെ പ്രിലിമിനറി ക്യാമ്പ് 2023 ജൂലൈ 23-ാം തീയതി സ്കൂളിൽ വച്ച് നടന്നു.കൈറ്റ് മാസ്റ്റർ ട്രെയിനർ ശ്രീമതി.പൂജ ക്യാമ്പ് നയിച്ചു.സ്ക്രാച്ച്,അനിമേഷൻ,റോബോട്ടിക്സ് എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ ക്യാമ്പിൽ ഉൾകൊള്ളിച്ചിരുന്നു.ക്യാമ്പിന്റെ സമാപനം സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ.ശാന്തകുമാർ നിർവഹിച്ചു.ക്യാമ്പിലെ പ്രവർത്തന വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

### ഫ്രീഡം ഫെസ്റ്റ് 2023

ആഗസ്റ്റ് 12-15 വരെ തിരുവനന്തപുരം ടാഗോർ തീയററിൽ നടക്കുന്ന ഫ്രീഡം ഫെസ്റ്റ് 2023-ന്റെ ഭാഗമായി 09/08/2023 -ൽ സ്കൂളിൽ പ്രത്യേക അസംബ്ളി സംഘടിപ്പിക്കുകയും ഫ്രീഡം ഫെസ്റ്റ് 2023-നെ സംബന്ധിച്ച വിവരം കുട്ടികളെ അറിയിക്കുകയും ചെയ്തു.10/08/2023-ൽ ഫ്രീഡം ഫെസ്റ്റ് 2023-ഉം ആയി ബന്ധപ്പെട്ട് സെമിനാർ സംഘടിപ്പിച്ചു. 11/08/2023-ൽ സ്കൂൾ തലത്തിൽ എക്സിബിഷനും പോസ്റ്റർ നിർമ്മാണ മത്സരവും സംഘടിപ്പിച്ചു.13/08/2023-ൽ തിരുവനന്തപുരം ടാഗോർ തീയററിൽ നടക്കുന്ന ഫ്രീഡം ഫെസ്റ്റ് 2023 കാണുന്നതിനായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ സ്കൂളിൽ കൊണ്ടുപോകുകയും ചെയ്തു.











# സർഗ്ഗസൃഷ്ടികൾ

## മഴ



മഴ എനിക്ക് പ്രിയപ്പെട്ടതാണ്
അതിന്റെ മുടിയഴിച്ചിട്ടുള്ള ആ
നടത്തം എനിക്ക് ഇഷ്ടമാണ്
അതിന്റെ ദൃശ്യ ഭംഗിയിൽ ഞാൻ നിന്നു...

അതുൽ എസ് ദീപു
8-ാം ക്ലാസ്


## നെല്ലിക്ക



അങ്കണത്തിലൊരു കോണിൽ
കൊച്ചൊരു നെല്ലിക്ക ഞാൻ വളർത്തി
കണ്ണായി കരളായി നോക്കീ വളർത്തിയി-
ട്ടോടുവിലാ നെല്ലിക്ക പൂത്തൊരുനാൾ
എന്നുടെ നെഞ്ചിലെ മാരിവില്ലെല്ലാം
മഴവില്ലായി പൂത്തു നിന്നേ
പുസ്തകസഞ്ചിയിൽ കൊച്ചുനെല്ലിക്ക
ഞാൻ കാത്തുസൂക്ഷിച്ചൊരാ കാലം
മുറ്റത്തിനൈശ്വര്യമായന്റെ നെല്ലിക്ക പൂത്തു-
ലഞ്ഞ് അങ്ങനെ നിന്നു..

സാന്ദ്ര സജിത്ത്
8-ാം ക്ലാസ്

## പ്രകൃതി തൻ ജീവൻ



പ്രകൃതിയെ തൻ മക്കൾ നാം
പ്രകൃതിയെ സ്നേഹിക്കും നാം
ജീവൻറെ ഉറവിടം പ്രകൃതി
പുഴയും കാടും പുൽമേടുകളും
കാട്ടരുവികളും പാറക്കെട്ടുകളും
നിറഞ്ഞുനിൽക്കുന്ന പ്രകൃതി
മനുഷ്യാ നീ പ്രകൃതി
നീ പ്രകൃതിയെ നശിപ്പിക്കരുത്
പ്രകൃതിയെ സംരക്ഷിക്കുക നാം

ആർച്ച
9-ാം ക്ലാസ്

# സ്വപ്നം പേടിപ്പിച്ച ഉത്സവകഥ



മീനുകുട്ടിയും അപ്പുക്കുട്ടനും അപ്പുവിന്റെ അച്ഛനുമായി അവരുടെ ഗ്രാമമായ കണിയാപുരത്ത് ഉത്സവത്തിന് പോകാൻ ഒരുങ്ങി ഇറങ്ങി.വീട്ടിൽ നിന്ന് ഇറങ്ങാൻ നേരം അപ്പുക്കുട്ടന്റെ അമ്മ പുറകിൽ നിന്നും വിളിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞു ഒരു യാത്രയ്ക്ക് പുറപ്പെടുമ്പോൾ പുറകെ നിന്ന് വിളിക്കരുത്. അത് നല്ല കാര്യത്തിന് അല്ല എന്നും പറഞ്ഞ് അവർ നടന്ന് ഉത്സവ പറമ്പിൽ എത്തി. നിറയെ തോരണങ്ങളും വൈദ്യുത ദീപങ്ങളും കൊണ്ട് ക്ഷേത്രവും ഉത്സവ പറമ്പും അലങ്കരിച്ചിരുന്നു. ചെറിയ ചെറിയ കടകൾ ഉത്സവപ്പറമ്പിൽ ഉണ്ടായിരുന്നു. ആനകളുടെ കാര്യമാണ് അതിലും രസം.. പതിനഞ്ചാനകൾ! ഒക്കെയും നെറ്റിപ്പട്ടം ഒരുക്കിയ ആനകൾ. ആനകളെ കണ്ടപ്പോൾ മീനുക്കുട്ടി പറഞ്ഞു നല്ലസുന്ദര ആനകൾ. ആനകൾക്ക് പിറകിൽ വിളക്കുമായി കേരളീയ വേഷത്തിൽ വരുന്ന മഹിളകളും ബാലികമാരും തെയ്യവും കഥകളി വേഷങ്ങളും എല്ലാം ഉണ്ടായിരുന്നു. ഉത്സവം കഴിഞ്ഞ് തിരിച്ചു വരാൻ പോയപ്പോൾ ഒരാന വിരണ്ട് അപ്പുവിന്റെ അച്ഛന്റേയും മീനുക്കുട്ടിയുടേയും നേരെ വന്നു. അത് കണ്ട് അപ്പു ബോധം നഷ്ടപ്പെട്ട് താഴെ വീണു. അപ്പുവിന് ബോധം തിരിച്ചു കിട്ടിയപ്പോൾ മീനുകുട്ടിയേയും അച്ഛനേയും കണ്ടില്ല. അപ്പോൾ അപ്പു ഞെട്ടി ഉണർന്നു. അപ്പുവിന് അവൻ കണ്ടത് ഒരു സ്വപ്നമാണെന്ന് വിശ്വസിക്കാൻ കഴിഞ്ഞില്ല. അന്നുമുതൽ അവൻ ഉത്സവങ്ങളിൽ പങ്കെടുക്കാൻ പോകില്ലായെന്ന് തീരുമാനിച്ചു. മീനു കുട്ടിയെയും അച്ഛനേയും ഉത്സവത്തിന് പോകാൻ അനുവദിക്കുകയും ഇല്ല .

അങ്ങനെ അഞ്ചുവർഷം കഴിഞ്ഞു എന്നിട്ടും അപ്പു കണ്ട സ്വപ്നം മറന്നില്ല. ഒരു ദിവസം അപ്പുവിന്റെ അച്ഛൻ പറഞ്ഞു ഇന്ന് നമുക്ക് ഉത്സവം കാണാൻ പോകാം. അങ്ങനെ അപ്പുവിനെ നിർബന്ധിച്ച് ഉത്സവത്തിന് കൊണ്ടുപോയി. മീനുവും കൂടെ ഉണ്ടായിരുന്നു. ആദ്യമൊക്കെ പേടി ഉണ്ടായിരുന്നെങ്കിലും പതിയെ പതിയെ അപ്പുവിന്റെ പേടി മാറി മാറി വന്നു. അവർ ഉത്സവം കഴിഞ്ഞ് വീട്ടിൽ എത്തി. അന്നുമുതൽ അപ്പു അവൻ കാണുന്ന സ്വപ്നങ്ങൾ വലിയ കാര്യമായി എടുക്കാതെ ആയി. സ്വപ്നം വെറും സ്വപ്നം മാത്രമാണെന്ന് അപ്പുവിന് മനസ്സിലായി. അങ്ങനെ അപ്പു തന്റെ ജീവിതയാത്ര തുടർന്നുകൊണ്ടിരുന്നു.

അനിജ.ഡി.എൽ
8-ാം ക്ലാസ്

# ഓർമ്മകളുടെ സുഗന്ധം

രാവിലെ ഉണർന്നപ്പോൾ തന്നെ കോരിച്ചൊരിയുന്ന പേമാരിയാണ് ആദ്യം കണ്ടത്. എന്റെ റൂമിലെ ജനലിലൂടെ നോക്കിയാൽ നമ്മുടെ പറമ്പാണ് കാണാനാവുക. അപ്പൻ കഷ്ടപ്പെട്ട് തടമിട്ടു വളർത്തുന്ന തെങ്ങും അതിനെ തൊട്ടുതാഴത്തെ മുളക് ചെടിയും കിണറിനെ ഭാഗ്യമായി മറച്ചിരിക്കുന്ന മൈലാഞ്ചി ചെടിയും ഒക്കെ കാണാം. ഞാൻ വേഗം കട്ടിലിൽ നിന്ന് ചാടി എഴുന്നേറ്റു ഉമ്മറത്തേക്ക് ഓടി.അവിടെ അപ്പൻ സ്ഥിരമായിരിക്കാറുള്ള ഒരു ചാരുകസേര ഉണ്ട്. കുറച്ചുനേരം ഞാനാ ചാരുകസേരയിൽ ഇരുന്ന് മഴ കണ്ടു.അത് കഴിഞ്ഞ് നേരെ ചെന്നത് അടുക്കളയിലേക്കാണ്.എല്ലാ മഴ ദിവസവും കാണും അച്ഛമ്മയുടെ സ്പെഷ്യൽ ചുക്കുകാപ്പി. അച്ഛമ്മയുടെ രഹസ്യ കൂട്ട് കൊണ്ടുണ്ടാക്കുന്ന കാപ്പി. ഒന്നോർത്താൽ മഴക്കാലം എന്നത് എനിക്ക് പനിക്കാലമാണ്.പനി വന്നു കിടക്കുമ്പോൾ എപ്പോഴോ ഒരു തണുത്ത കൈ എന്റെ നെറ്റിയിൽ തൊടും.അച്ഛമ്മയുടെ കൈകളാണത്.അച്ഛമ്മയുടെ കൈകൾക്ക് മഴയുടെ തണുപ്പാണ് അച്ഛമ്മയുടെ സ്നേഹവും മരുന്നും കൊണ്ടാണ് ഓരോ പനിക്കാലത്തിൽ നിന്നും ഞാൻ തിരിച്ചു വരുന്നത്.മഴ ഒന്ന് തോർന്നാൽ ഞാൻ ആദ്യം പോകുന്നത് പറമ്പിലേക്കാണ്.പറമ്പിൽ മതിലിനോട് ചേർന്ന് നിൽക്കുന്ന കറിവേപ്പ് ഒന്നു കുലുക്കും.മഴ പെയ്യുന്നത് പോലെ തന്നെ അതിലെ മഴത്തുള്ളികൾ എന്റെ മനസ്സിലേക്ക് പൊഴിയും. ഇതാണ് എനിക്ക് മഴക്കാലം ഏറ്റവും പ്രിയപ്പെട്ടതാക്കുന്നത്.

വിസ്മയ സി എം
എട്ടാം ക്ലാസ്

# നിറവേറുമോ

ഒരു സ്കൂൾ കാലം ചുട്ടുപൊള്ളുന്ന വേനലും കൊണ്ട് ഉച്ചയ്ക്ക് ക്ലാസ്സിൽ ക്ഷീണിച്ചു വന്ന് അടുത്ത സയൻസ് പിരീഡിനെ കുറിച്ച് ഓർത്തു. സഹിക്കാൻ വയ്യ ....ഇനി എന്നാണോ എന്നോ മഴ വരാൻ പോകുന്നേ. മഴക്കാലം തുടങ്ങിയിരുന്നേൽ നന്നായേനെ എന്നിങ്ങനെ പറഞ്ഞു കൊണ്ടിരുന്നപ്പോഴാണ് മേഘങ്ങൾക്കിട- യിലൂടെ ഒരു കറുത്ത കാർമേഘം ഒളിച്ചു നോക്കുന്നു.അതിന് പിന്നാലെ ചെമ്മരിക്കൂട്ടം പോലെ കാർമേഘങ്ങൾ ഇരുണ്ടുവന്നു. അതിനെ ഭംഗിയാക്കാൻ ആയി മിന്നലും വന്നു.എല്ലാവരോടും ഒപ്പം കൊട്ടി ആഘോഷിക്കാനായി ഇടി ശബ്ദവും മുഴങ്ങി.അങ്ങനെയിരിക്കെ ഒരു ചെറിയ ഇളം കാറ്റ് എന്റെ മുഖത്ത് തലോടിപ്പോയി.ക്ലാസ് കേട്ടുകൊണ്ടിരിക്കുന്ന ഞങ്ങൾക്ക് പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരു അനുഭൂതി! കൊട്ടിയിറങ്ങാൻ കഴിയാതെ നിൽക്കുന്ന മഴയുടെ ഭംഗി അതൊരു നല്ല നിമിഷം ആയിരുന്നു.മഴപെയ്യാൻ ആകാതെ അങ്ങനെ നിന്നു. സ്കൂൾ വിട്ടു പുറത്തിറങ്ങിയപ്പോൾ ഉച്ചയ്ക്കത്തെ സൂര്യന്റെ ചൂടേറിയ കിരണങ്ങൾ എന്റെ ദേഹത്ത് നിന്ന് അലിഞ്ഞു പോയി. അതാ അപ്പൊഴാ വിമ്മി വിമ്മി നിന്നിരുന്ന മഴ കൊട്ടിയിറങ്ങി. അതെന്റെ മുഖത്ത് തളിച്ചതും പെട്ടെന്ന് ഒരു ശബ്ദം, "വേഗം എണീറ്റേ എത്ര നേരമായി". "ഈ ചൂട് സമയത്തും എങ്ങനെ നിനക്ക് കിടക്കാൻ കഴിയുന്നു?".അപ്പോഴാണ് ഉറക്കത്തിൽ നിന്ന് ഉണർന്നത്. വിയർപ്പ് തുള്ളികൾ എന്റെ ദേഹത്ത് നിന്നും ഒഴുകുന്നുണ്ടായിരുന്നു. ഞാൻ കണ്ട സ്വപ്നം സാക്ഷാത്കരിച്ചാൽ മതിയായിരുന്നു എന്ന് ഒരു നിമിഷം ഞാൻ ആഗ്രഹിച്ചിരുന്നു.എന്റെ സ്വപ്നത്തിലെ മനോഹരമായ മഴക്കാലത്തേയ്ക്ക് എനിക്ക് പോകാൻ കഴിഞ്ഞിരുന്നെങ്കിൽ! ഞാൻ കണ്ട സ്വപ്നം എന്നെങ്കിലും നിറവേറിയേക്കാം.....

ആവണി.ആർ
എട്ടാം ക്ലാസ്

# ഉണ്ണിമോളുടെ സ്വപ്നം

ജനൽ പാളി നീക്കി നോക്കുന്ന കുട്ടി കണ്ടത് പുറത്ത് കോരിച്ചൊരിയുന്ന മഴ. കുട്ടി ചിന്തിച്ചു ഇന്നങ്ങനെ തെക്കേ പാടത്ത് ഉത്സവം നടക്കും.ഇതെന്തൊരു നാശം പിടിച്ച മഴ .തെക്കേ പാടത്തെ ഉത്സവത്തിന് ആനയും ആൾക്കാരും പലതരം കച്ചവടക്കാരും ചെണ്ടയും മേളമൊക്കെ ഉണ്ടാകുമായിരുന്നു. പക്ഷേ ഈ നാശം പിടിച്ച മഴ കാരണം ഇതൊന്നും കാണാൻ കഴിയില്ലല്ലോ?.ഇതൊക്കെ ചിന്തിച്ച് കുട്ടിക്ക് നല്ല വിഷമം ഉണ്ടായി. കുട്ടി അമ്മയുടെ അടുത്തേക്ക് ഓടി. അമ്മ ചോദിച്ചു,,എന്താ ഉണ്ണി മോളെ ഒരു വിഷമം ?ഒന്നുമില്ലമ്മേ. ഇന്നത്തെ ഉത്സവം എങ്ങനെ നടക്കും ? കോരിച്ചൊരിയുന്ന യക്ഷിമഴയല്ലേ? കുട്ടിക്ക് നല്ല ആഗ്രഹമുണ്ടായിരുന്നു ഇന്നത്തെ ഉത്സവത്തിന് ഒരുപാട് സാധനങ്ങൾ വാങ്ങാമെന്ന്. കുപ്പിവളയും മാലയും കമ്മലും ഒക്കെ.... എന്റെ ക്ലാസിലെ ലിയ വലിയ കമ്മലൊക്കെയാണ് ഇടുന്നത്. അതുപോലുള്ളവ എനിക്കും വേണം കുട്ടി പറഞ്ഞു. അമ്മ ഉണ്ണിമോളോട് സ്നേഹത്തോടെ പറഞ്ഞു. മോളെ, അതിനൊക്കെ വലിയ പൈസയാ. അമ്മയുടെ കയ്യിൽ അതിനൊന്നും ഉള്ള പണമില്ല. കുട്ടിക്ക് ചെറിയ വിഷമം തോന്നി .അവൾ മുറിയിലേക്ക് ഓടിപ്പോയി.പുറത്തെ മഴ ശാന്തമായിരുന്നു. എന്നാൽ അവളുടെ മനസ്സിൽ കാർമേഘങ്ങളുടെ കുമ്പാരം ഉയർന്നു. ഒന്ന് കരയാൻ തോന്നി. പക്ഷേ കരഞ്ഞില്ല. അമ്മയ്ക്ക് വിഷമമായാലോ.........................അവൾ കുടുക്കയിലേക്കും നോക്കി. അതെടുത്ത് നോക്കുമ്പോൾ മുത്തശ്ശി തന്ന 100 രൂപ അതിനുള്ളിൽ ഉണ്ടായിരുന്നു. അതെടുത്തുകൊണ്ട് അടുക്കളയിലേക്ക് ഓടി, അമ്മേ ......എന്താടി ഇങ്ങനെ വിളിച്ചു കൂവുന്നത്? എനിക്ക് പൈസ കിട്ടി. എവിടുന്നാ ......കുടുക്കേന്ന്..... ആണോ? എന്നാ അത് മോള് വച്ചോ. ഇന്ന ഉത്സവത്തിന് പോകേണ്ടേ അമ്മേ.... ആ പോകണം......മോള് പോയി കുളിച്ച് പാവാടയും ബ്ലൗസുമൊക്കെ ഇട്ടോളൂ. ശരി അമ്മേ ഞാൻ പോയി ഒരുങ്ങട്ടെ. ഒരു മലയും കാടും ഒക്കെ കടന്നുപോകാൻ ഉള്ളതാ. അവൾ ഒരുങ്ങി കുന്ന് കടന്ന് തെക്കേപ്പറമ്പിലെ കോവിലെത്തി. അവിടെ ആളുകളെ കൊണ്ടു നിറഞ്ഞിരുന്നു. ഉണ്ണിമോൾ ചുറ്റിനും നോക്കി ആളുകൾ നിറഞ്ഞുനിൽക്കുന്നു. അവൾ മുന്നോട്ടു നടന്നു നടന്നു നീങ്ങി. പെട്ടെന്ന് അവളുടെ അമ്മയെ കാണുന്നില്ല. അമ്മേ.... അമ്മേ... അവൾ വിളിച്ചു. എല്ലാവരും അവളെ തന്നെ ശ്രദ്ധിച്ചു .അവൾ ഒരുപാട് പേടിച്ചു. ഒപ്പം സങ്കടവും. അവൾക്ക് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. എല്ലാവരോടും തിരക്കി. തിരച്ചിലിന് ഒടുവിൽ അവൾക്ക് അമ്മയെ കണ്ടെത്താനായി. അവൾക്ക് ഒരുപാട് സന്തോഷമായി. ആ സന്തോഷത്തിൽ അവൾ അമ്മയെ കെട്ടിപ്പിടിച്ചു. പെട്ടെന്നൊരു വിളി കേട്ടു. എടി ഉണ്ണി മോളെ ...എന്താ അമ്മേ ....അവൾ കണ്ണ് തുറന്നു........ കഴിഞ്ഞതെല്ലാം സ്വപ്നമായിരുന്നുവോ എന്ന് ആലോചിച്ചിരിക്കുമ്പോൾ അമ്മയുടെ വിളി കേൾക്കുന്നു. എടീ, പെണ്ണേ........ ഉത്സവത്തിന് പോകാം.

വൈഷ്ണവി.എസ്.കുമാർ
8-ാംക്ലാസ്

# വയറൽ

എടി ലീലേ......

"നീ അറിഞ്ഞോടി അപ്പുറത്തെ ശാന്തയുടെ മകൾ ഒളിച്ചോടി എന്ന് ! അതെയോ?"

ഈ സംഭാഷണം കേട്ടാണ് ഞാൻ ഉണർന്നത്. പിന്നെ ഞാൻ പല്ല് തേച്ച ഭക്ഷണം കഴിച്ചു. എന്നിട്ടും അവർ സംഭാഷണം നിർത്തിയില്ല.കാര്യവും അറിയാത്ത കാര്യവും നിഗമനങ്ങളും എല്ലാം വിളമ്പാൻ തുടങ്ങി. രണ്ടുപേർ നിന്നടത്ത് അഞ്ച് പേർ വന്നു. അവരും ഓരോ കാര്യങ്ങൾ പുലമ്പാൻ തുടങ്ങി. ഞാൻ അതൊന്നു ശ്രദ്ധിക്കാതെ സ്കൂളിൽ പോകാൻ ഒരുങ്ങി.അവർ ഞാൻ പോകുന്നവരെയും പരദൂഷണം നിർത്തിയില്ല. ഞാൻ സ്കൂളിലേക്ക് പോകുന്ന വഴി കുറേ ദൂരം ചെന്നപ്പോൾ പോൾ അവിടെ ഒരു വലിയ ആൾക്കൂട്ടം. ആദ്യം വിചാരിച്ച ആരുടെയെങ്കിലും കല്യാണം ആയിരിക്കുമെന്ന്. പിന്നെയാണ് മനസ്സിലായത് അത് ശാന്തമ്മയുടെ വീടാണ്. എനിക്ക് കാര്യം മനസ്സിലായി.കുറച്ച് ആൾക്കാർ ശാന്തമ്മയെ സമാധാനിപ്പിക്കുന്നു എങ്കിലും മറ്റ് ചിലർ മാറിനിന്ന് അവരെ തന്നെ കുറ്റം പറയുന്നു. എനിക്ക് വിഷമമായി ഞാൻ നേരെ സ്കൂളിലേക്ക് പോയി. സ്കൂളിൽ ചെല്ലുമ്പോൾ അസംബ്ലി ആയിരുന്നു.അസംബ്ലി കഴിഞ്ഞപ്പോൾ ടീച്ചർമാരും അതേ കാര്യം പറയുന്നുണ്ടായിരുന്നു.ടീച്ചറെ,ടീച്ചർ അറിഞ്ഞോ...."ആ ശാന്തയുടെ മകൾ ഒളിച്ചോടി..." അതെയോ?. അപ്പോൾ മറ്റൊരു ടീച്ചർ,ഞാൻ പഠിപ്പിച്ച കുട്ടിയായിരുന്നു അപ്പോഴേ എനിക്ക് അറിയാമായിരുന്നു അവൾ അങ്ങനെ തന്നെ പോകുമെന്ന് .അവർ കുറെ അറിയാത്ത കാര്യങ്ങളും അറിഞ്ഞ കാര്യങ്ങളും വീണ്ടും പുലമ്പാൻ തുടങ്ങി.സ്കൂൾ വിട്ട് വരുന്ന വഴിയിലും ഇതേ വാർത്ത തന്നെയായിരുന്നു. അങ്ങനെ "ശാന്തയുടെ മകളുടെ ഒളിച്ചോട്ടം" നാട്ടിലാകെ ഒരു വാർത്തയായി പറന്ന് നടന്നു.അങ്ങനെയിരിക്കെ കുറെ നാൾ കഴിഞ്ഞപ്പോൾ അപ്പുറത്തെ ചേട്ടൻ വിഷം കഴിച്ച മരിച്ചു. നാട്ടുകാർ പിന്നെ അതിന്റെ പുറകെയായി. ഇതൊരു ദൈനംദിന പ്രവർത്തനം പോലെ.....ഓരോ വിഷയങ്ങൾ...... എന്തൊക്കെ പറഞ്ഞാലും നമ്മൾ മലയാളികളല്ലേ!

ഗൗരി
8-ാംക്ലാസ്

# മഴയെത്തും മുമ്പ്

ഈ കഥ സിയയുടെതാണ്.സിയ ഇപ്പോൾ തന്റെ അമ്മയുടെ ഗ്രാമമായ ലക്ഷ്മിപുരത്താണ് താമസിക്കുന്നത്. സിയ ചെടികളെയും പ്രകൃതിയേയും വളരെയധികം സ്നേഹിച്ചിരുന്നു.തന്റെ തറവാട് മുറ്റത്ത് ഒരുപാട് ഒരുപാട് വൃക്ഷങ്ങളും ചെടികളും അവർക്ക് സ്വന്തമായി ഉണ്ടായിരുന്നു അങ്ങനെ ഒരിക്കൽ രാവിലെ അമ്മ നൽകിയ ചായയും മേടിച്ച് തന്റെ പൂന്തോട്ടത്തിലേക്ക് ചെന്നു.പിന്നെ നാളെയാണ് അവിടുത്തെ ദേവീക്ഷേത്രത്തിലെ ഉത്സവം.അതിൻറെ തിടുക്കത്തിലാണ് സിയ.ഇതെല്ലാം ആലോചിച്ച് സിയാ പുറത്തിരിക്കുകയാണ് അടുക്കളയിൽ ജോലിയിലായിരുന്ന അമ്മയുടെ അടുത്ത് അച്ഛൻ വരികയും എനിക്ക് നഗരത്തിൽ നല്ലൊരു ജോലി ലഭിച്ചു നാളെത്തന്നെ അങ്ങോട്ടേക്ക് പോകണം എന്നും പറഞ്ഞു.ഇത് കേട്ട് അമ്മ ആദ്യം മടിച്ചെങ്കിലും ജോലി കാര്യമായതുകൊണ്ട് പിന്നെ സമ്മതിക്കുകയും ചെയ്തു.എന്നിട്ട് അമ്മ,പുറത്ത് തന്റെ പൂക്കളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ടിരുന്ന സിയയെ,ഇത് പറയാനായി അകത്തേക്ക് വിളിച്ചു പുറത്തിരുന്ന സിയ തന്റെ അമ്മയുടെ വിളി കേട്ട് അങ്ങോട്ടേക്ക് ചെന്നു.അമ്മ അവളോട് അക്കാര്യം പറയുകയും അമ്മയുടെ കണ്ണുകൾനിറയാനും തുടങ്ങി. ഇതേ നേരത്ത് പുറത്ത് സൂര്യൻറെ പ്രകാശം മങ്ങുകയും കാർമേഘങ്ങൾ വന്ന് ആകാശത്തെ പൊതിയുകയും ചെയ്തു. ഇതിനോടകം തന്നെ മഴ പെയ്യാനും തുടങ്ങി മഴയുടെ ശബ്ദം കേട്ട് സിയ ജനലിന്റെ അടുത്ത് വന്ന് നിന്ന് മഴയും കണ്ട് ഇനി തനിക്ക് എങ്ങനെയാണ് ഈ പൂക്കളേയുംവിട്ട് മറ്റൊരിടത്തേക്ക് പോകാൻ കഴിയുക എന്ന് ചിന്തിച്ചു നിന്നു.അല്പസമയത്തിനു ശേഷം മഴ തോർന്നു പുറത്തേക്ക് ഇറങ്ങി വന്നതോടെ സിയയുടെ മുഖം വാടി.രാവിലെ ഉണർന്നു നിന്നിരുന്ന അവളുടെ പൂക്കൾ എല്ലാം മഴയത്ത് വീണ വെള്ളമേറ്റ് വാടി കുഴഞ്ഞു നിൽക്കുന്നു. തന്റെ പൂക്കളുടെ അടുത്ത് ചെന്ന് അതിനെ തലോടി അവരോടെല്ലാം തന്റെ സങ്കടം പറഞ്ഞു അപ്പോഴാണ് അവൾ മറ്റൊരു കാര്യം ഓർക്കുന്നത് നാളെയാണ് അമ്പലത്തിൽ ഉത്സവവും. തന്റെ അവസാനത്തെ ഉത്സവം. ഇതൊക്കെ ആലോചിച്ച് അവൾ പൊട്ടിക്കരഞ്ഞു. അവളുടെ അമ്മ അപ്പോഴേക്കും വന്ന് അവളെ സമാധാനിപ്പിച്ചു അതിനുശേഷം നേരെ അമ്പലത്തിലേക്ക് പോയി. അവളുടെ കൂട്ടുകാരെല്ലാം അവിടെ നിന്ന് കളിക്കുന്നുണ്ടായിരുന്നു.അവരോടെല്ലാം അവസാനമായി ഒന്ന് കാണുവാനും സംസാരിക്കാനും അച്ഛൻ പറഞ്ഞു. അവരുടെ അടുത്ത് ചെന്ന് അവസാന യാത്രയും പറഞ്ഞ് വീട്ടിലേക്ക് വന്നു. വീട്ടിൽ വന്നപ്പോൾ മുത്തശ്ശി ബാഗ് എല്ലാം എടുത്ത് കാറിൽ വെച്ചിരുന്നു മുത്തശ്ശിയോടും വിട പറഞ്ഞു എൻറെ ഗ്രാമത്തിന്റെ നയന മനോഹരിത ഉപേക്ഷിച്ച് ഞാനും അച്ഛനും അമ്മയും പട്ടണത്തിലേക്ക് പോഞ്ഞു.

സ്നേഹരാജ്.എസ്
8-ാംക്ലാസ്

# കേരളം-ഇന്നലെ ഇന്ന് നാളെ




ജീവിതം തുടരും പുലരിയിൽ ഒക്കെയും
ജീവൻറെ നാദം തുടിക്കും കേരളം
കേരളം എന്ന മണ്ണിൽ പിറന്നവർ
കേരളമാകുന്ന ജീവൻ തുടിപ്പുകൾ
എത്രയോ നാളുകൾ തേടി നടക്കും
പച്ചപ്പിൻ പുൽ തകിടുകൾ
എത്രയോ വേഗം എൻ അരികിൽ
വരുവിൻ എത്രയും നാൾ കാത്തിരിപ്പിൻ
മാറാരോഗങ്ങൾ ആയി മാറിടും കേരളം
സ്വാതന്ത്ര്യോദയം വിരിയും മനസ്സുകൾ
കേരളം എന്ന നാളുകൾ മാത്രം
ഹരിത നിറഞ്ഞിടും എൻ കേരളം
കുറ്റങ്ങൾ ആയിരം ഇന്നിവിടെ നിറഞ്ഞിടും
കുറ്റവാളികൾ തൻ പെരുമഴകൾ ഇന്നെൻ കേരളത്തിൽ...

കൃഷ്ണ.ജെ.ആർ
10-ാം ക്ലാസ്

# ആസ്വാദനക്കുറിപ്പ്-ആവേ മരിയ

മലയാളത്തിലെ ശ്രദ്ധേയമായ സാഹിത്യ ശാഖയാണ് ചെറുകഥ.വർത്തമാനകാല സംഭവങ്ങളും ചരിത്രവുമായി ബന്ധപ്പെട്ട് ധാരാളം ചെറുകഥകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്.സ്ത്രീയുടെ പ്രശ്നങ്ങൾ ഏറ്റവും നന്നായി വരച്ചുകാട്ടുന്ന കഥാകാരികളാണ് നമുക്ക് ഉള്ളത് .അതിൽ പ്രധാനിയാണ് കെ ആർ മീര.ഇന്നത്തെ പെണ്ണിൻറെ അവസ്ഥകളെ നന്നായി ആവിഷ്കരിക്കാൻ മീരയ്ക്ക് കഴിയുന്നുണ്ട്.മീരയുടെ കഥകളിൽ ഓരോന്നിനും വ്യത്യസ്തമായ ആശയങ്ങളാണ് പങ്കുവയ്ക്കുന്നത്.

മീരയുടെ കഥാസമാഹാരമായ ആവേ മരിയ 2006 ലാണ് പുറത്തിറങ്ങിയത് .ഏകാന്തതയുടെ 100 വർഷങ്ങൾ, കളരിമറ്റത്ത് കത്തനാർ, സ്വവർഗ സങ്കടങ്ങൾ, വാണിഭം, സോളോ ഗോയ്യാ തുടങ്ങി ഒമ്പത് കഥകളാണ് ഈ സമാഹാരത്തിൽ ഉള്ളത്.

ആവേ മരിയ എന്ന ചെറുകഥ സമാഹാരത്തിന് 2009 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.ഈ സമാഹാരത്തിൽ സ്വന്തം കഥകളുടെ തന്നെ പൊളിച്ചെഴുത്തിലൂടെ ഓരോ കഥയേയും നവീനമാക്കുന്ന രചനാദൗത്യം നമുക്ക് കാണാൻ സാധിക്കും. കാരുണ്യത്തിൽ നിന്നും വിരിയുന്ന നർമ്മം ഈ കഥകൾക്ക് വേറിട്ട ഒരിടം നൽകുന്നു.

ആവണി.ആർ

8-ാംക്ലാസ്

# നിമ്മിയുടെ സ്വപ്നം-കഥ

പച്ചപ്പായ വിരിച്ചതുപോലെ കുഞ്ഞു കുഞ്ഞു പുല്ലുകൾ കൊണ്ട് നിറഞ്ഞു നിൽക്കുന്ന വയലുകൾ,കാറ്റിൽ നൃത്തമാടി കളിക്കുന്ന മരങ്ങൾ,മഴ പെയ്യുമ്പോൾ നിറഞ്ഞൊഴുകിയ പുഴ,മഴയെ കണ്ട് ഓടിയൊളിക്കുന്ന പക്ഷിക്കൂട്ടം,പുലർച്ചയാകുമ്പോൾ ഉറക്കത്തിൽ നിന്ന് എഴുന്നേൽപ്പിക്കാനുള്ള കോഴികളുടെ നാദസ്വര പാട്ട് പക്ഷികളുടെ മധുരമായ ഗാനം,തെങ്ങോലകളിൽ ആടുന്ന തൂക്കണം കുരുവി കൂടുകൾ,ഓലത്തുമ്പത്താടുന്ന ഓലഞ്ഞാലി പിന്നെ എല്ലാത്തിനെക്കാളും വലിയ നാദസ്വരമായ കാറ്റിന്റെ മർമ്മര ശബ്ദം,ഓലമേഞ്ഞ കൊച്ചു വീടുകൾ.........

നിമ്മി.... നിമ്മി..... നിമ്മി........എഴുന്നേൽക്കു മോളേ എന്ന് അമ്മയുടെ വിളി കേട്ട് നിമ്മി നിദ്രയിൽ നിന്നും ഉണർന്നു.നിമ്മി പറഞ്ഞു അമ്മേ ഞാൻ അമ്മാമ്മയുടെ ഗ്രാമം സ്വപ്നത്തിൽ കണ്ടു.നമുക്ക് അമ്മാമ്മ താമസിക്കുന്ന ഗ്രാമത്തിൽ പോയാലോ?അമ്മ പറഞ്ഞു,"നീ അച്ഛനോട് ചോദിക്കു".എനിക്കും നിന്റെ അഭിപ്രായം തന്നെയാണ്.നിമ്മി തന്റെ അച്ഛന്റെ അടുത്തേക്ക് ഓടിച്ചെന്ന് അച്ഛനോട് ചോദിച്ചു"നമുക്ക് നാളെ പോകാം"എന്ന് അച്ഛൻ മറുപടി നൽകി.അച്ഛൻ താമസിക്കുന്നത് പട്ടണത്തിലാണ്.പട്ടണത്തിൽ നിമ്മിയുടെ അച്ഛൻ ഒരു ഓഫീസിൽ ആണ് ജോലി ചെയ്യുന്നത്.നിമ്മിയുടെ അമ്മ ടീച്ചർ ആണ്.എന്നാൽ നിമ്മിക്ക് പട്ടണത്തേക്കാൾ ഗ്രാമമാണ് ഇഷ്ടം. അവർ പിറ്റേന്ന് ഗ്രാമത്തിലെത്തി.നിമ്മിക്ക് വളരെയധികം സന്തോഷമായി.അമ്മാമ്മയെ കെട്ടിപ്പിടിച്ച് ഒരു ഉമ്മ സമ്മാനമായി നൽകി. അമ്മാമ്മ തിരികെയും നിമ്മിക്ക് സ്നേഹത്തിന്റെ പ്രതീകമായ ഉമ്മ അവളുടെ രണ്ടു കവിളിൽ നൽകി.നിമ്മി കഴിഞ്ഞദിവസം സ്വപ്നത്തിൽ കണ്ട കാഴ്ചകൾ നേരിട്ട് കണ്ട് വളരെയധികം സന്തോഷമായി.

അനിജ.ഡി.എൽ

8-ാം ക്ലാസ്

# ആസ്വാദനക്കുറിപ്പ്-കുട്ട്യേടത്തി

സാധാരണ ലോകം പടിയടച്ച് പുറത്താക്കിയ മനുഷ്യാത്മാക്കൾക്കുള്ള എഴുത്തുകാരന്റെ തിരുവെഴുത്തുകളാണ് ഈ കഥകൾ. മനുഷ്യജീവിതമെന്ന മഹാനൊമ്പരത്തെക്കുറിച്ച് മലയാള ഭാവനയിൽ ഉണ്ടായ ഏറ്റവും നല്ല കഥകളിൽ ചിലത്.വായനക്കാരുടെ മനസ്സിൽ കുടിയേറിപാർത്തു കഴിഞ്ഞ കുട്ട്യേടത്തി,അന്തിവെളിച്ചം,കടലാസ് തോണികൾ,കരിയിലകൾ മൂടിയ വഴിത്താരകൾ, സ്നേഹത്തിന്റെ മുഖങ്ങൾ എന്നീ അഞ്ചു കഥകൾ ചേർന്ന് ഒരു പുസ്തകമാണ് എം ടി വാസുദേവൻനായരുടെ "കുട്ട്യേടത്തി"എന്ന നോവൽ. ഈ നോവൽ തനതായ കോഴിക്കോടൻ ഭാഷയിലാണ് രചിച്ചിരിക്കുന്നത്.ഈ അഞ്ച് കഥകളിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥയും കുട്ട്യേടത്തിയാണ്.ഇതിലെ പ്രധാന കഥാപാത്രവും കുട്ട്യേടത്തിയാണ്.അനുഭവങ്ങളെ എടുത്ത് പറഞ്ഞു കഥാകൃത്ത് കുട്ട്യേടത്തി എന്ന കഥയെ വിവരിക്കുന്നു. വലിയമ്മയ്ക്ക് രണ്ട് പെൺമക്കൾ ഉണ്ടായിരുന്നു.അതിലുള്ള ഒരാളായിരുന്നു കുട്ട്യേടത്തി.മറ്റൊരാൾ ജാനേട്ടത്തി.ജാനേട്ടത്തിയെ കാണാനാണ് ചന്തം.കുട്ട്യേടത്തി കറുത്തിട്ടാണ് പക്ഷേ എം.ടിയ്ക്ക് കൂടുതൽ ഇഷ്ടം കുട്ട്യേടത്തിയോടാണ്.വീട്ടിൽ ആർക്കുംകുട്ട്യേടത്തി ഇഷ്ടമല്ലായിരുന്നു.വലിയമ്മ കാണുമ്പോഴൊക്കെ കാരണങ്ങളില്ലാതെ കുട്ട്യേടത്തിയെ ശകാരിക്കുമായിരുന്നു.കുട്ട്യേടത്തിയുടെ മറ്റൊരു പേര് മാളുകുട്ട്യേ എന്നായിരുന്നു.ജാനേട്ടത്തി ആണെങ്കിൽ എം.ടിയെ ചെക്കൻ എന്നാണ് വിളിച്ചിരുന്നത്.കുട്ട്യേടത്തി വിളിക്കുന്നത് ബാസ്വോ എന്നും ആണ്. അതുകൊണ്ടാണ് എം.ടിയ്ക്ക് കുട്ട്യേടത്തിയെ ഇഷ്ടം. കുട്ട്യേടത്തിയെ പെണ്ണ് കാണാൻ വരുന്നവർ ഓരോ കാരണങ്ങൾ പറഞ്ഞു പോകും.ഒരു ദിവസം വേറെ കുറച്ച് പേർ വന്നപ്പോൾ കുട്ട്യേടത്തി ഇറങ്ങിച്ചെന്നില്ല. അങ്ങനെ അവളുടെ അമ്മ അവളെ കുറെ അടിച്ചു. ഒരു ദിവസം ഒരാളുമായി സംസാരിക്കുന്നത് കണ്ട് ജാനേട്ടത്തി വലിയമ്മയുടെ അടുത്ത് പറഞ്ഞു.അന്ന് കുട്ട്യേടത്തിയെ വലിയമ്മ ശരിക്കും അടിച്ചു. കുറച്ച് സമയങ്ങൾക്കുശേഷം എം.ടിയെ ഉറക്കി കിടത്തിയിട്ട് കുട്ട്യേടത്തിമുങ്ങിമരിച്ചു .ഈ കഥയെ എം ഡി ഹൃദയസ്പർശിയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്.



അമൽ.വി.എസ്

9-ാം ക്ലാസ്

# വരകൾ...




കുട്ടിപത്രം-ഒന്നാം ക്ലാസ് കുട്ടികൾ



കാർത്തിക്
10-ാം ക്ലാസ്





അരുൺ
10-ാം ക്ലാസ്

അനിജ.ഡി.എൽ
8-ാം ക്ലാസ്

